"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - നഗര ഗ്രാമാസൂത്രണ വകുപ്പ്- ശ്രീ രാജേഷ് ടി എൻ ടൗൺ പ്ലാനർ - വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിലെ അന്യത്ര സേവനം അവസാനിപ്പിച്ചും ഇടുക്കി ജില്ലാ ടൗൺ പ്ലാനറായി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ യു) വകുപ്പ്

**സ.ഉ(സാധാ) നം.1162/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/06/2021

---

പരാമർശം:- 1. 18.11.2017 തീയതിയിലെ സ.ഉ(സാധാ)നം. 3713/2017/ത.സ്വ.ഭ.വ.

2. 04.12.2018 തീയതിയിലെ സ.ഉ(സാധാ)നം. 3075/2018/ത.സ്വ.ഭ.വ.

3. 10.12.2018 തീയതിയിലെ സ.ഉ(സാധാ)നം. 2818/2019/ത.സ്വ.ഭ.വ.

4. മുഖ്യനഗരാസൂത്രകന്റെ 23.02.2021 തീയതികളിലെ TCPCTP/2009/2019- A3 നമ്പർ കത്ത്.

5. സർക്കാരിന്റെ 25.11.2020 തീയതിയിലെ ഇയു4/85/2020/ത.സ്വ.ഭ.വ. നമ്പർ കത്ത് .

6. ടൗൺ പ്ലാനർ ശ്രീ രാജേഷ് ടി എൻ-ന്റെ 30.06.2020 തീയതിയിലെ അപേക്ഷ.

<u>ഉത്തരവ്</u>

നഗര ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീ രാജേഷ് ടി എൻ നെ പരാമർശം 1 ലെ ഉത്തരവ് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം 2,3 ഉത്തരവുകൾ പ്രകാരം ടി അന്യത്ര സേവനം രണ്ട് വർഷത്തേക്ക് ദീർഘിപ്പിക്കുകയും ആയത് പ്രകാരം 22.11.2020 തീയതിയിൽ ടിയാന്റെ അന്യത്ര സേവനം അവസാനിച്ചതുമാണ്.മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിലേയ്ക്ക് പരാമർശം 6 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ള സാഹചര്യമായിരുന്നതിനാൽ ശ്രീ രാജേഷ് ടി എൻ നെ മാതൃവകുപ്പിൽ നിയമിക്കുന്ന വിഷയം തിരഞ്ഞെടുപ്പ് കഴിഞ്ഞ് പരിഗണിക്കുന്നതാണെന്നും അതുവരെ ടിയാനെ വിശാല കൊച്ചി വികസന അതോറിറ്റിയിൽ തന്നെ തുടരാനും പരാമർശം 5 പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയെ അറിയിച്ചിരുന്നു. ശ്രീ രാജേഷ് ടി എൻ -നെ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിലെ അന്യത്ര സേവനം അവസാനിപ്പിച്ച് ഇടുക്കി ടൗൺ പ്ലാനറുടെ നിലവിലെ ഒഴിവിൽ നിയമിക്കാവുന്നതാണെന്ന് മുഖ്യ നഗരാസൂത്രകൻ പരാമർശം 4 പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗര ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീ രാജേഷ് ടി എൻ ന്റെ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിൽ അനുവദിച്ച അന്യത്രസേവനം 22.11.2020 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 23.11.2020 മുതൽ ഈ ഉത്തരവ് തീയതി വരെ ടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ടും ടിയാനെ തിരികെ നഗര ഗ്രാമാസൂത്രണ വകുപ്പിൽ സേവനത്തിൽ പ്രവേശിപ്പിച്ച് ഇടുക്കി ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ ടൗൺ പ്ലാനർ തസ്തികയിലെ നിലവിലെ ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജോൺ വി സാമുവൽ ഐ എ എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

<u>പകർപ്പ്</u>

മുഖ്യനഗരാസൂത്രകൻ ,തിരുവനന്തപുരം

ശ്രീ രാജേഷ് ടി എൻ ,ടൗൺ പ്ലാനർ. (മുഖ്യനഗരാസൂത്രകൻ മുഖേന)

സെക്രട്ടറി ,വിശാല കൊച്ചി വികസന അതോറിറ്റി

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/85/2020-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ